"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - സർക്കാർ അനുവദിക്കുന്ന നോൺ പ്ലാൻ ഫണ്ടുകൾ സ്വീകരിക്കുന്നതിനായി പാലക്കാട് ജില്ലയിലെ ലക്കിടിയിൽ പ്രവർത്തിക്കുന്ന കിള്ളിക്കുറിശ്ശിമംഗലം കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് സെക്രട്ടറിയുടെ പേരിൽ ഒരു പലിശരഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ.(സാധാ)നം. 4518/2024/ധന** **തീയതി, തിരുവനന്തപുരം, 10.06.2024**

---

പരാമർശം:- 1. സ.ഉ (സാധാ) നം. 213/2024/CLAD തീയതി 20.04.2024.
2. സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം ഡയറക്ടറുടെ 30.04.2024 തീയതിയിലെ എ 2/654/24/സാം. വ നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ ലക്കിടിയിൽ പ്രവർത്തിക്കുന്ന കിള്ളിക്കുറിശ്ശിമംഗലം കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് സർക്കാരിൽ നിന്നുള്ള നോൺ പ്ലാൻ ഫണ്ടുകൾ സ്വീകരിക്കുന്നതിനായി സെക്രട്ടറിയുടെ പേരിൽ ഒരു സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സർക്കാർ അനുവദിക്കുന്ന നോൺ പ്ലാൻ ഫണ്ടുകൾ സ്വീകരിക്കുന്നതിനു മാത്രമായി പാലക്കാട് ജില്ലയിലെ ലക്കിടിയിൽ പ്രവർത്തിക്കുന്ന കിള്ളിക്കുറിശ്ശിമംഗലം കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് സെക്രട്ടറിയുടെ പേരിൽ ഒരു പലിശരഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനും ട്രഷറി ഇടപാടുകൾ ഒറ്റപ്പാലം സബ്ട്രഷറി വഴി നടത്തുന്നതിനുള്ള അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സുരേഷ് കുമാർ ഒ.ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (Audit-II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം, അനന്തവിലാസം കൊട്ടാരം, ഫോർട്ട് പി.ഒ, തിരുവനന്തപുരം - 23
സാംസ്കാരിക കാര്യ (എ) വകുപ്പ് (UO (F) No. CLAD-A2/105/2024-CLAD Computer No. 2780196)
ധനകാര്യ (വിദ്യാ-സി) വകുപ്പ്.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E 2800796)

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ